**DISTRICT LEGAL SERVICES AUTHORITY, ALAPPUZHA**
**DISTRICT COURT COMPOUND, ALAPPUZHA 0477 2262495 email dlsaalpy100@gmail.com**

===========================================================

## <u>പത്രക്കുറിപ്പ്</u>

ദേശീയ നിയമ സേവഅതോറിറ്റിയുടെ നിർദ്ദേശാനുസരണം ജില്ലാ നിയമ സേവന അതോറിറ്റി ജില്ലയിലെ എല്ലാ കോടതി കേന്ദ്രങ്ങളിലുമായി 11.09.2021 നു രാവിലെ 10.00 മണി മുതൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ദേശീയ ഈ–ലോക് അദാലത്ത് നടത്തുന്നു. നിലവിൽ കോടതികളുടെ പരിഗണയിലിരിക്കുന്നതും ഒത്തുതീർപ്പാക്കാവുന്നതുമായ കേസുകൾ, വാഹനാപകട നഷ്ടപരിഹാര കേസുകൾ, ബാങ്കുകൾ സമർപ്പിച്ച വായ്പ കുടിശിക സംബന്ധിച്ച കേസുകൾ, കെ എസ് ഇ ബി, വാട്ടർ അതോറിറ്റി, ബി എസ് എൻ എൽ, സ്വകാര്യ മൊബൈൽ കമ്പനികൾ, തൊഴിൽ വകുപ്പ് എന്നിവർ സമർപ്പിച്ച കേസുകൾ, രജിസ്ട്രേഷൻ വകുപ്പ് സമർപ്പച്ച അണ്ടർ വാല്യുവേഷൻ സംബന്ധിച്ച കേസുകൾ, ഏതെങ്കിലും കോടതിയുടെ പരിധിയിൽ വരാവുന്നതും നിയമപ്രകാരം ഒത്തുതീർപ്പാക്കാവുന്നതുമായ തർക്കങ്ങൾ എന്നിവയും ലോക് അദാലത്തിൽ പരിഗണിക്കുന്നു.

കുറ്റസമ്മതം നടത്തി പിഴ ഒടുക്കി തീർപ്പാക്കാവുന്ന കേസുകളും ഈ ലോക് അദാലത്തിലൂടെ പരിഹരിക്കുന്നതാണ്.

അദാലത്തിലെ ഒത്തുതീർപ്പ് അന്തിമവും മേൽ കോടതികളിൽ അപ്പീൽ ഇല്ലാത്തതുമാണ്. കൂടാതെ കോടതിയിൽ നിലവിലുള്ള കേസുകൾ ലോക് അദാലത്തിൽ ഒത്തുതീർപ്പായാൽ അടച്ച കോർട്ട് ഫീസ് തിരികെ ലഭിക്കുന്നതമാണ്. "E– ലോക് അദാലത്ത്" ആയതിനാൽ ഓൺലൈനിൽ കക്ഷികൾക്ക് ഹാജരായി കേസുകൾ ഒത്തുതീർപ്പാക്കാവുന്നതുമാണ്.

എല്ലാവരും അദാലത്തിൽ പങ്കെടുത്ത് ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് പ്രിൻസിപ്പൽ ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജും ജില്ലാ നിയമ സേവന അതോറിറ്റി ചെയർപേഴ്സണുമായ കെ .കെ സുജാത അറിയിച്ചു.

ആലപ്പുഴ
25.08.2021

സെക്രട്ടറി (സബ് ജഡ്ജ് )
ജില്ലാ നിയമ സേവന അതോറിറ്റി
ആലപ്പുഴ

Secretary,
DISTRICT LEGAL SERVICES AUTHORITY
ALAPPUZHA.